# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80 — 20.03.2013-ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ നിലവിലുള്ള സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ.പി..ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) 2011 ഫെബ്രുവരിയിൽ നിയമസഭ പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട ട്രിബ്യൂണൽ കൊക്കോകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ബില്ലിന്റെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | എ) 2011-ലെ പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ, കേരള ഗവർണ്ണർ, 29-03-2011-ൽ പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ബില്ലിന് പ്രസിഡന്റിന്റെ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| ബി) പ്രസ്തുത ബില്ലിന് കേന്ദ്രാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ രേഖകൾ ലഭ്യമാക്കുമോ; | ബി) പ്രസ്തുത ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നതിനായി കേരള ഗവർണ്ണർ അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം I - ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി) | കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ ആയതിന് നൽകിയ മറുപടി എന്തായിരുന്നു; ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുമോ; | സി) | ആരാഞ്ഞിരുന്നു. കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണത്തിന് സംസ്ഥാനസർക്കാരിന്റെ അഭിപ്രായം സ്പഷ്ടീകരണം നിയമ വകുപ്പിന്റെ 17.11.2011-ലെ 14227/ലെഗ്-എഫ്.2/2011/നിയമം നമ്പർ കത്തു മുഖേനയും 03.072012-ലെ 10388/ലെഗ്-എഫ്.2/12/നിയമം നമ്പർ കത്തു മുഖേനയും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് യഥാക്രമം അനുബന്ധം II- ഉം III - ഉം ആയി ഉള്ളടക്കം ചെയ്യുന്നു. |
| ഡി) | പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ ഇനിയും കൊണ്ടുവരാൻ ശ്രമിക്കും |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**